**മധുരമായ കുട്ടികളെ - നിങ്ങൾക്കിപ്പോൾ ജ്ഞാനത്തിന്റെ ദൃഷ്ടി ലഭിച്ചിരിക്കുന്നു, അതിനാൽ നിങ്ങളുടെ അലച്ചിൽ അവസാനിച്ചു, നിങ്ങൾ ശാന്തിധാമം-സുഖധാമത്തെ ഓർമ്മിക്കുന്നു.**

**ചോദ്യം -** ദേവതകളിൽ എന്ത് ശക്തിയാണുള്ളത് ഏത് വിശേഷത കാരണമാണ് ആ ശക്തിയുള്ളത്?
**ഉത്തരം -** ദേവതകളിൽ മുഴുവൻ വിശ്വത്തെയും ഭരിക്കുന്നതിനുള്ള ശക്തിയാണുള്ളത്, ആ ശക്തി പ്രത്യേകിച്ച് ഏകമതത്തിന്റെ വിശേഷത കാരണമാണ്. അവിടെ ഏകമതമായതുകാരണം മന്ത്രിയെയൊന്നും വെയ്ക്കേണ്ട ആവശ്യമില്ല. ദേവതകൾ സംഗമത്തിൽ ബാബയിൽ നിന്നും 21 ജന്മത്തേയ്ക്ക് രാജ്യം ഭരിക്കുന്നതിനുള്ള ശ്രീമതം നേടുന്നു. അവിടെ ഒരു രാജാവിന്റെ ഒരു ദൈവീക കുടുംബമായിരിക്കും, രണ്ടാമതൊരു മതം ഉണ്ടാവില്ല.

**ഗീതം -** നയനഹീനർക്ക് വഴി കാണിച്ചുകൊടുക്കൂ പ്രഭൂ..........

**ഓം ശാന്തി.** കുട്ടികൾക്ക് കണ്ണ് ലഭിച്ചിരിക്കുന്നു, ആദ്യം കണ്ണുണ്ടായിരുന്നില്ല, ഏത് കണ്ണ്? ജ്ഞാനത്തിന്റെ കണ്ണുണ്ടായിരുന്നില്ല. അജ്ഞാനത്തിന്റെ കണ്ണുണ്ടായിരുന്നു. ജ്ഞാനസാഗരൻ ഒരേയൊരു ബാബ മാത്രമാണെന്ന് കുട്ടികൾക്കറിയാം. ഏത് ജ്ഞാനത്തിലൂടെയാണോ സദ്ഗതിയുണ്ടാകുന്നത് അർത്ഥം ശാന്തിധാമം-സുഖധാമത്തിലേയ്ക്ക് പോകാൻ കഴിയുന്നത് ആ ആത്മീയ ജ്ഞാനം വേറെ ആരിലുമില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ദൃഷ്ടി ലഭിച്ചിരിക്കുന്നു - എങ്ങനെ സുഖധാമം മാറിപിന്നീട് മായയുടെ രാജ്യം അഥവാ ദു:ഖധാമം ഉണ്ടാകുന്നു. വിളിക്കുന്നുണ്ട് നയനഹീനർക്ക് വഴി പറഞ്ഞു കൊടുക്കൂ എന്ന്. ഭക്തിമാർഗ്ഗത്തിലെ യജ്ഞം, ദാന-പുണ്യത്തിലൂടെയൊന്നും ശാന്തിധാമം-സുഖധാമത്തിലേയ്ക്ക് പോകുന്നതിനുള്ള വഴി ലഭിക്കുന്നില്ല. ഓരോരുത്തർക്കും അവരവരുടെ പാർട്ട് അഭിനയിക്കുക തന്നെ വേണം. ബാബ പറയുന്നു എനിക്കും പാർട്ട് ലഭിച്ചിരിക്കുന്നു. ഭക്തിമാർഗ്ഗത്തിൽ വിളിക്കുന്നുണ്ട് മുക്തി-ജീവൻ മുക്തിയിലേയ്ക്കുള്ള വഴി പറഞ്ഞു തരൂ. അതിനു വേണ്ടി എത്ര ദാന-പുണ്യം, ജപം-തപം മുതലായവ ചെയ്യുന്നു, എത്ര അലയുന്നു. ശാന്തിധാമം-സുഖധാമത്തിൽ അലയേണ്ട കാര്യമില്ല. ഇതും നിങ്ങൾക്കറിയാം, അവർ കേവലം ശാസ്ത്രങ്ങളുടെ പഠിപ്പും ഭൗതിക പഠിപ്പും മാത്രമേ അറിയുന്നുള്ളൂ. ഈ ആത്മീയ അച്ഛനെ തീർത്തും അറിയുന്നില്ല. എപ്പോഴാണോ എല്ലാവരുടെയും സദ്ഗതിയുണ്ടാകേണ്ടത് അപ്പോഴാണ് ആത്മീയ അച്ഛൻ വന്ന് ജ്ഞാനം നൽകുന്നത്. പഴയ ലോകത്തിന്റെ മാറ്റം ഉണ്ടാകുന്നു. മനുഷ്യനിൽ നിന്ന് ദേവതയായി മാറുന്നു പിന്നീട് മുഴുവൻ സൃഷ്ടിയിലും ദേവീ ദേവതകളുടെ ഒരേയൊരു രാജ്യം മാത്രമായിരിക്കും, അതിനെ തന്നെയാണ് സ്വർഗ്ഗമെന്ന് പറയുന്നത്. ഇതും ഭാരതവാസിക്കൾക്കറിയാം ഭാരതത്തിൽ തന്നെയായിരുന്നു ആദി സനാതന ദേവീ ദേവതാ ധർമ്മം. ആ സമയത്ത് വേറെ ഒരു ധർമ്മവും ഉണ്ടായിരുന്നില്ല. നിങ്ങൾ കുട്ടികൾക്കായി ഇപ്പോൾ സംഗമയുഗമാണ്. ബാക്കി എല്ലാവരും കലിയുഗത്തിലാണ്. നിങ്ങൾ പുരുഷോത്തമ സംഗമത്തിലിരിക്കുകയാണ്. ആരെല്ലാമാണോ ബാബയെ ഓർമ്മിക്കുന്നത്, ബാബയുടെ ശ്രീമതത്തിലൂടെ നടക്കുന്നത്, അവർ സംഗമയുഗത്തിലാണ്. ബാക്കിയെല്ലാവരും കലിയുഗത്തിലും. ഇപ്പോൾ സ്വരാജ്യം, രാജ്യാധികാരമൊന്നുമില്ല. അനേക മതത്തിലൂടെ രാജ്യം ഭരിക്കുന്നു, സത്യയുഗത്തിൽ ഒരു മഹാരാജാവിന്റെ മതത്തിലൂടെ മാത്രമാണ് നടക്കുന്നത്, മന്ത്രി ഉണ്ടായിരിക്കില്ല. ഇത്രയും ശക്തിയുണ്ടായിരിക്കും. പിന്നീട് എപ്പോഴാണോ പതിതമായി മാറുന്നത് അപ്പോൾ മന്ത്രിമാരെയെല്ലാം വെയ്ക്കുന്നു കാരണം അവർക്ക് ശക്തിയുണ്ടായിരിക്കില്ല. ഇപ്പോഴാണെങ്കിൽ പ്രജകളുടെ രാജ്യമാണ്, സത്യയുഗത്തിൽ ഏകാഭിപ്രായമായതു കാരണം ശക്തിയുണ്ടായിരിക്കും. നിങ്ങളിപ്പോൾ ആ ശക്തി എടുത്തുകൊണ്ടിരിക്കുകയാണ്, 21 ജന്മം സ്വതന്ത്രമായി രാജ്യം ഭരിക്കുന്നു. നിങ്ങളുടെത് ദൈവീക കുടുംബമാണ്. ഇപ്പോൾ ഇത് നിങ്ങളുടെ ഈശ്വരീയ പരിവാരമാണ്. ബാബ പറയുകയാണ് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ നിങ്ങൾ ഈശ്വരീയ പരിവാരത്തിലെയാണ്. അഥവാ ദേഹാഭിമാനത്തിൽ വന്ന് മറന്നു പോവുകയാണെങ്കിൽ ആസുരീയ പരിവാരത്തിലേതായിരിക്കും. ഒരു സെക്കന്റിൽ ഈശ്വരീയ സമ്പ്രദായത്തിലാകുന്നു പിന്നീട് ഒരു സെക്കന്റിൽ ആസുരീയ പരിവാരത്തിലുമായി മാറുന്നു. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കുക എന്നത് എത്ര സഹജമാണ്. പക്ഷെ കുട്ടികൾക്ക് ബുദ്ധിമുട്ടായി തോന്നുന്നു.

ബാബ പറയുകയാണ് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കുകയാണെങ്കിൽ വികർമ്മം വിനാശമാകും. ശരീരത്തിലൂടെ കർമ്മം ചെയ്യുക തന്നെ വേണം. ശരീരമില്ലാതെ നിങ്ങൾക്ക് കർമ്മം ചെയ്യാൻ സാധിക്കില്ല. ജോലിയെല്ലാം ചെയ്തും ബാബയെ ഓർമ്മിക്കുന്നതിനുള്ള പരിശ്രമം

ചെയ്യണം. പക്ഷെ ഇവിടെയാണെങ്കിൽ ജോലിയൊന്നുമില്ലെങ്കിലും ഓർമ്മിക്കാൻ സാധിക്കുന്നില്ല. മറന്നു പോകുന്നു. ഇതിന് തന്നെയാണ് പരിശ്രമം. ഭക്തിയിലൊരിക്കലും ഇങ്ങനെ പറയുന്നില്ല മുഴുവൻ ദിവസവും ഭക്തി ചെയ്യൂ. അതിന് സമയമുണ്ട്. അതിരാവിലെ, വൈകുന്നേരം അല്ലെങ്കിൽ രാത്രിയിൽ. പിന്നെ എന്തെങ്കിലും മന്ത്രം ലഭിക്കുകയാണെങ്കിൽ അത് ബുദ്ധിയിലിരിക്കുന്നു. അനേകാനേകം ശാസ്ത്രങ്ങളാണ്. ഭക്തിമാർഗ്ഗത്തിൽ അത് പഠിക്കുന്നു. നിങ്ങൾക്ക് ഒരു പുസ്തകമോ ഒന്നും പഠിക്കേണ്ടതില്ല, ഉണ്ടാക്കേണ്ടതുമില്ല. ഈ മുരളി അച്ചടിക്കുന്നതും റിഫ്രഷാകുന്നതിന് വേണ്ടിയാണ്. ബാക്കി യാതൊരു പുസ്തകങ്ങളോ ഒന്നും ഉണ്ടായിരിക്കില്ല. ഇതെല്ലാം അവസാനിക്കുന്നതാണ്. ജ്ഞാനം ഒരേയൊരു ബാബയിൽ മാത്രമാണ്. ഇപ്പോൾ നോക്കൂ ജ്ഞാന-വിജ്ഞാന ഭവനെന്ന് പേര് വെച്ചിരിക്കുന്നു, കേട്ടാൽ തോന്നും അവിടെ ജ്ഞാനവും യോഗവും പഠിപ്പിക്കുന്നുവെന്ന്. അർത്ഥമില്ലാതെ അങ്ങനെ അങ്ങനെയുള്ള പേര് വെച്ചിരിക്കുന്നു. ജ്ഞാനമെന്താണ്, യോഗമെന്താണെന്ന് ഒന്നും തന്നെ അറിയില്ല. ഇപ്പോൾ നിങ്ങൾ ജ്ഞാനത്തെയും വിജ്ഞാനത്തെയും അറിയുന്നു. യോഗത്തിലൂടെ ആരോഗ്യമുണ്ടാകുന്നു, അതിനെ വിജ്ഞാനമെന്ന് പറയുന്നു ഇത് ജ്ഞാനമാണ്, ഇതിലൂടെ ലോകത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവും മനസ്സിലാവുന്നു. ലോകത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവും എങ്ങനെയാണ് ആവർത്തിക്കുന്നത് അതറിയണം. പക്ഷെ ആ പഠിപ്പ് പരിധിയുള്ളതാണ്, ഇവിടെയാണെങ്കിൽ നിങ്ങളുടെ ബുദ്ധിയിൽ പരിധിയില്ലാത്ത ചരിത്രവും ഭൂമിശാസ്ത്രവുമാണ്. നമ്മളെങ്ങനെ രാജ്യം നേടുന്നു, എത്ര സമയം, എപ്പോൾ രാജ്യം ഭരിച്ചിരുന്നു, രാജധാനി എങ്ങനെ ലഭിച്ചിരുന്നു - ഈ കാര്യങ്ങൾ വേറെ ആരുടെയും ബുദ്ധിയിൽ വരുന്നില്ല. ബാബ തന്നെയാണ് നോളജ് ഫുൾ. ഈ സൃഷ്ടി ചക്രം കറക്കുന്നതെങ്ങനെയാണ്, ബാബ തന്നെയാണ് മനസ്സിലാക്കി തരുന്നത്. ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ ഡ്രാമയെ അറിയാത്തതു കാരണം മനുഷ്യർ പറയുന്നു - ഇന്നയാൾ നിർവ്വാണം പ്രാപിച്ചു അല്ലെങ്കിൽ ജ്യോതി ജ്യോതിയിൽ ലയിച്ചു.

നിങ്ങൾക്കറിയാം എല്ലാ മനുഷ്യരും ഈ സൃഷ്ടി ചക്രത്തിൽ വരുന്നു, ഇതിൽ നിന്ന് ഒരാൾക്കു പോലും രക്ഷപ്പെടാൻ സാധിക്കില്ല. ബാബ മനസ്സിലാക്കി തരുകയാണ് മനുഷ്യാത്മാവ് ഒരു ശരീരം ഉപേക്ഷിച്ച് വേറൊന്നെടുക്കുന്നു, എത്ര വലിയ ഡ്രാമയാണ്. എല്ലാവരിലും ആത്മാവുണ്ട്, ആ ആത്മാവിൽ അവിനാശീ പാർട്ടടങ്ങിയിരിക്കുന്നു. ഇതിനെയാണ് പറയുന്നത് ഉണ്ടായതും ഉണ്ടാക്കപ്പെട്ടതും....... ഇപ്പോൾ ഡ്രാമയെന്ന് പറയുന്നുവെങ്കിൽ തീർച്ചയായും അതിന് സമയവും വേണം. ബാബ മനസ്സിലാക്കി തരുകയാണ് ഈ ഡ്രാമ 5000 വർഷത്തിന്റെയാണ്. ഭക്തിമാർഗ്ഗത്തിലെ ശാസ്ത്രങ്ങളിൽ ഡ്രാമ ലക്ഷക്കണക്കിന് വർഷത്തിന്റെയാണെന്ന് എഴുതിയിരിക്കുന്നു. ഈ സമയം തന്നെയാണ് ബാബ വന്ന് സഹജ രാജയോഗം പഠിപ്പിച്ചിരുന്നത്, ഈ സമയത്തെക്കുറിച്ച് തന്നെയുള്ള പാട്ടാണ് കൗരവർ ഘോര അന്ധകാരത്തിലായിരുന്നു, പാണ്ഡവർ പ്രകാശത്തിലുമായിരുന്നു. മറ്റുള്ളവർ കലിയുഗത്തിന് ഇനിയും 40000 വർഷമുണ്ടെന്ന് മനസ്സിലാക്കുന്നു. ഭഗവാൻ വന്നുവെന്നും, ഈ പഴയ ലോകത്തിന്റെ മരണം മുന്നിൽ നിൽക്കുകയാണെന്നും അവർക്ക് അറിയുകയില്ല. എല്ലാവരും അജ്ഞാന നിദ്രയിൽ അകപ്പെട്ടിരിക്കുകയാണ്. യുദ്ധം കാണുമ്പോൾ ഇത് മഹാഭാരത യുദ്ധത്തിന്റെ അടയാളമാണെന്ന് പറയും. ഈ റിഹേഴ്സൽ ഉണ്ടായികൊണ്ടിരിക്കും. പിന്നീട് പോകെ-പോകെ നിന്നു പോകും. ഇപ്പോൾ നമ്മുടെ പൂർണ്ണമായ സ്ഥാപനയുണ്ടായിട്ടില്ലായെന്ന് നിങ്ങൾക്കറിയാം. ഗീതയിൽ ഇങ്ങനെ പറയുന്നില്ല ബാബ സഹജ രാജയോഗം പഠിപ്പിച്ച് ഇവിടെ തന്നെ രാജ്യം സ്ഥാപിച്ചുവെന്ന്. ഗീതയിൽ പ്രളയം കാണിച്ചിട്ടുണ്ട്. എല്ലാവരും മരിച്ചു പോയി, ബാക്കി 5 പാണ്ഡവർ മാത്രം രക്ഷപ്പെട്ടതായി കാണിച്ചിരിക്കുന്നു. അവരും പർവ്വതത്തിന് മുകളിൽ പോയി മരിക്കുന്നുവെന്ന്. രാജയോഗത്തിലൂടെ എന്ത് സംഭവിച്ചു, ഒന്നും തന്നെ അറിയുകയില്ല. ബാബ എല്ലാ കാര്യങ്ങളും മനസ്സിലാക്കി തന്നുകൊണ്ടിരിക്കുന്നു. അത് പരിധിയുള്ള കാര്യം, പരിധിയുള്ള രചന ബ്രഹ്മാവ് രചിക്കുന്നു, പാലനയും ചെയ്യുന്നു, ബാക്കി പ്രളയം ഉണ്ടാക്കുന്നില്ല. സ്ത്രീയെ ദത്തെടുക്കുന്നു. ബാബയും വന്ന് ദത്തെടുക്കുന്നു. പറയുന്നു ഞാൻ ഇദ്ദേഹത്തിൽ പ്രവേശിച്ച് കുട്ടികൾക്ക് ജ്ഞാനം കേൾപ്പിക്കുന്നു, ഇദ്ദേഹത്തിലൂടെ കുട്ടികളെ രചിക്കുന്നു. അച്ഛനുമാണ്, കുടുംബവുമാണ്, ഈ കാര്യങ്ങൾ വളരെ ഗുഹ്യവുമാണ്. വളരെ ഗൗരവമുള്ള കാര്യങ്ങളാണ്. ബുദ്ധിമുട്ടിയാണ് ചിലരുടെ ബുദ്ധിയിലിരിക്കുന്നത്. ബാബയിപ്പോൾ പറയുകയാണ് ആദ്യമാദ്യം സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ, ആത്മാവ് തന്നെയാണ് ഒരു ശരീരം ഉപേക്ഷിച്ച് വേറൊന്ന് എടുക്കുന്നത്. ശരീരത്തിന് തന്നെയാണ് വിവിധ പേരിടുന്നത്. പേര്, രൂപം, സ്വഭാവം എല്ലാം ഭിന്ന-ഭിന്നമാണ്. ഒരാളുടെ സ്വഭാവം വേറൊരാൾക്ക് ലഭിക്കില്ല. എല്ലാ ആത്മാക്കൾക്കും ജന്മ-ജന്മാന്തരത്തെ തന്റെ സ്വഭാവമുണ്ട്. തന്റെ വേഷം ഡ്രാമയിലടങ്ങിയിട്ടുള്ളതാണ് അതുകൊണ്ട് ഇതിനെ ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ ഡ്രാമയെന്ന് പറയുന്നു, ഇപ്പോൾ പരിധിയില്ലാത്ത ബാബ പറയുകയാണ് എന്നെ ഓർമ്മിക്കുകയാണെങ്കിൽ വികർമ്മം വിനാശമാകും. അതിനാൽ നാമെന്തിന് ബാബയെ ഓർമ്മിക്കാതിരിക്കണം. ഇത് തന്നെയാണ് പരിശ്രമത്തിന്റെ കാര്യം.

നിങ്ങൾ കുട്ടികൾ എപ്പോൾ ഓർമ്മയുടെ യാത്രയിലിരിക്കുന്നുവോ അപ്പോൾ മായയുടെ കൊടുങ്കാറ്റ്

വരുന്നു, യുദ്ധം നടക്കുന്നു, അതിൽ പേടിക്കരുത്. മായ ഇടയ്ക്കിടയ്ക്ക് ഓർമ്മയെ മുറിക്കും. സങ്കല്പ – വികല്പങ്ങൾ ഇങ്ങനെ–ഇങ്ങനെ വരും അത് പെട്ടെന്ന് തല പുണ്ണാക്കി മാറ്റും. നിങ്ങൾ പരിശ്രമിക്കൂ. ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് ഈ ലക്ഷ്മീ നാരായണന്റെ കർമ്മേന്ദ്രിയങ്ങൾ എങ്ങനെ വശത്തിലായെന്ന്. ഇവർ സമ്പൂർണ്ണ നിർവ്വികാരികളായിരുന്നു. ഈ പഠിപ്പ് ഇവർക്ക് എവിടെ നിന്ന് ലഭിച്ചു? ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ഇങ്ങനെയാവുന്നതിനുള്ള പഠിപ്പ് ലഭിച്ചു കൊണ്ടിരിക്കുകയാണ്. ഇവരിൽ യാതൊരു വികാരവുമില്ല. അവിടെ രാവണ രാജ്യമല്ല. പിന്നീടാണ് രാവണ രാജ്യമുണ്ടാകുന്നത്. രാവണൻ എന്ത് വസ്തുവാണ്, ഇതാർക്കും അറിയില്ല. ഡ്രാമയനുസരിച്ച് ഇതും അടങ്ങിയിട്ടുള്ളതാണ്. ഡ്രാമയുടെ ആദി –മധ്യ–അന്ത്യത്തെക്കുറിച്ച് അറിയുന്നില്ല, അതുകൊണ്ട് തന്നെ അറിയില്ല–അറിയില്ല എന്ന് പറഞ്ഞു വന്നു. നിങ്ങളിപ്പോൾ സ്വർഗ്ഗവാസിയാകുന്നതിനുള്ള പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുകയാണ്. ഈ ലക്ഷ്മീ നാരായണൻ സ്വർഗ്ഗത്തിന്റെ അധികാരിയല്ലേ. ഇവരുടെ മുന്നിൽ തല കുനിക്കുന്നവർ തമോപ്രധാന കനിഷ്ഠ പുരുഷനാണ്. ബാബ പറയുകയാണ് ആദ്യമാദ്യം ഈ ഒരു കാര്യം ഉറപ്പാക്കൂ – സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ. ഇതിൽ തന്നെയാണ് പരിശ്രമം. എങ്ങനെയാണോ 8 മണിക്കൂർ സർക്കാർ ജോലി ചെയ്യുന്നുണ്ടല്ലോ. നിങ്ങളിപ്പോൾ പരിധിയില്ലാത്ത സർക്കാരിന്റെ സഹായികളാണ്. നിങ്ങൾക്ക് കുറഞ്ഞത് 8 മണിക്കൂറെങ്കിലും പുരുഷാർത്ഥം ചെയ്ത് ഓർമ്മയിലിരിക്കണം. ആരുടെയും ഓർമ്മ വരാത്ത തരത്തിൽ നിങ്ങളുടെ അവസ്ഥ ഇങ്ങനെ ഉറപ്പുള്ളതാക്കണം. ബാബയുടെ ഓർമ്മയിൽ തന്നെ ശരീരം ഉപേക്ഷിക്കും. പിന്നീട് അവരാണ് വിജയമാലയിലെ മുത്തായി മാറുക. ഒരു രാജാവിന് വളരെയധികം പ്രജകളുണ്ടാകുന്നു. ഇവിടെ തന്നെ പ്രജകളെ ഉണ്ടാക്കണം. നിങ്ങൾ വിജയ മാലയിലെ മുത്തുകൾ പൂജയ്ക്ക് യോഗ്യരായി മാറും. 16108 ന്റെ മാലയും ഉണ്ട്. വലിയൊരു പെട്ടിയ്ക്കുള്ളിൽ ഇട്ടുവെക്കാറുണ്ട്. 8 ന്റെ മാലയുണ്ട്, 108 ന്റെയും ഉണ്ട്. പിന്നെ അവസാനം 16108 ന്റെയും ഉണ്ടാക്കുന്നു. നിങ്ങൾ കുട്ടികൾ തന്നെയാണ് ബാബയിൽ നിന്ന് രാജയോഗം പഠിച്ച് മുഴുവൻ വിശ്വത്തെയും സ്വർഗ്ഗമാക്കി മാറ്റുന്നത് അതുകൊണ്ടാണ് നിങ്ങൾക്ക് പൂജ ലഭിക്കുന്നത്. നിങ്ങൾ തന്നെയാണ് പൂജ്യർ, പിന്നീട് പൂജാരിയായി മാറുന്നു. ഈ ദാദ പറയുകയാണ് ഞാൻ സ്വയം മാല കറക്കിയിട്ടുണ്ട്, ലക്ഷ്മീ നാരായണന്റെ ക്ഷേത്രത്തിൽ ഇങ്ങനെയുള്ള രുദ്രമാലയും ഉണ്ടായിരിക്കണം. നിങ്ങൾ ആദ്യം രുദ്രമാലയും പിന്നീട് വിഷ്ണുവിന്റെയും മാല ഉണ്ടാക്കുന്നു. ആദ്യ നമ്പറിൽ രുദ്രമാലയാണ് അതിൽ ശിവനുമുണ്ട്, വിഷ്ണുവിന്റെ മാലയിൽ ശിവൻ എവിടെ നിന്ന് വരാനാണ്. അത് വിഷ്ണുവിന്റെ മാലയാണ്. ഈ കാര്യങ്ങളും ആരും മനസ്സിലാക്കുന്നില്ല. നിങ്ങളിപ്പോൾ പറയുകയാണ് ഞങ്ങൾ ശിവബാബയുടെ കഴുത്തിലെ മാലയായി മാറുന്നു. ബ്രാഹ്മണരുടെ മാല ഉണ്ടാക്കാൻ സാധിക്കുകയില്ല. ബ്രാഹ്മണരുടെ മാല ഉണ്ടാകുന്നുമില്ല. നിങ്ങൾ എത്ര ഓർമ്മിച്ചുകൊണ്ടിരിക്കുന്നുവോ പിന്നീട് അവിടെയും അടുത്ത് വന്ന് രാജ്യം ഭരിക്കും. ഈ പഠിപ്പ് വേറെ ഒരു സ്ഥലത്തും ലഭിക്കുക സാധ്യമല്ല. നമ്മളിപ്പോൾ ഈ പഴയ ശരീരം ഉപേക്ഷിച്ച് സ്വർഗ്ഗവാസിയായി മാറുമെന്ന് നിങ്ങൾക്കറിയാം. മുഴുവൻ ഭാരതവും സ്വർഗ്ഗവാസിയായി മാറും. വിശേഷിച്ച് ഭാരതം തന്നെയായിരുന്നു സ്വർഗ്ഗം. 5000 വർഷത്തിന്റെ കാര്യമാണ്, ലക്ഷക്കണക്കിന് വർഷത്തിന്റെ കാര്യം സംഭവ്യമല്ല. ദേവതകളുടെയും 5000 വർഷമാണ്, സ്വർഗ്ഗത്തെ മനുഷ്യർ മറന്നിരിക്കുന്നു. അതിനാൽ അങ്ങനെ തന്നെ പറയുന്നു. ബാക്കി ഒന്നും തന്നെയില്ല. ഇതിലും പഴയ വർഷമൊന്നും ഇല്ല. ഉള്ളത് സൂര്യവംശീ – ചന്ദ്രവംശീ, പിന്നീട് മറ്റു ധർമ്മത്തിലുള്ളവർ വരുന്നു. പഴയ വസ്തുക്കൾ എന്തിന് കൊള്ളും. വളരെയധികം വാങ്ങിക്കുന്നു, പഴയ വസ്തുക്കൾക്ക് വളരെയധികം വിലയിടുന്നു. ഏറ്റവും മൂല്യമുള്ളത് ശിവബാബയ്ക്കാണ്, എത്രയധികം ശിവലിംഗങ്ങളാണ് ഉണ്ടാക്കുന്നത്. ആത്മാവ് ഇത്രയും ചെറിയ ബിന്ദുവാണ്, ഇത് ആരുടെ ബുദ്ധിയിലും വരുന്നില്ല. അതി സൂക്ഷ്മ രൂപമാണ്. ബാബ തന്നെയാണ് മനസ്സിലാക്കി തരുന്നത് ഇത്രയും ചെറിയ ബിന്ദുവിൽ ഇത്രയും പാർട്ടടങ്ങിയിരിക്കുന്നു, ഈ നാടകം ആവർത്തിച്ചുകൊണ്ടിരിക്കുന്നു, അവിടെ നിങ്ങൾക്കീ ജ്ഞാനം ഉണ്ടായിരിക്കില്ല. ഇത് പ്രായലോപമായി പോകുന്നു. അതിനാൽ പിന്നീട് ആർക്കെങ്കിലും സഹജ രാജയോഗം എങ്ങനെ പഠിപ്പിക്കാൻ സാധിക്കും. ഇതെല്ലാം ഭക്തിമാർഗ്ഗത്തിന് വേണ്ടി ഇരുന്ന് ഉണ്ടാക്കിയതാണ്. ഇപ്പോൾ കുട്ടികൾക്കറിയാം ബാബയിലൂടെ ബ്രാഹ്മണർ, ദേവതാ, ക്ഷത്രിയർ – ഭാവിയിലേയ്ക്ക് വേണ്ടി മൂന്ന് ധർമ്മത്തിന്റെയും സ്ഥാപന നടന്നുകൊണ്ടിരിക്കുകയാണ്. ആ പഠിപ്പ് നിങ്ങൾ പഠിക്കുന്നത് ഈ ജന്മത്തേയ്ക്ക് വേണ്ടിയാണ്. ഈ പഠിപ്പിന്റെ പ്രാപ്തി നിങ്ങൾക്ക് പുതിയ ലോകത്തിൽ ലഭിക്കുന്നു. ഈ പഠിപ്പ് സംഗമയുഗത്തിലാണുണ്ടാവുന്നത്. ഇത് പുരുഷോത്തമ സംഗമയുഗമാണ്. മനുഷ്യനിൽ നിന്ന് ദേവതയാകുന്നത് തീർച്ചയായും സംഗമത്തിലാണ്. ബാബ കുട്ടികൾക്ക് എല്ലാ രഹസ്യവും മനസ്സിലാക്കി തരുന്നു. ഇതും ബാബയ്ക്കറിയാം നിങ്ങൾക്ക് മുഴുവൻ ദിവസവും ഈ ഓർമ്മയിലിരിക്കാൻ സാധിക്കില്ല, അസാദ്ധ്യമാണ്, അതുകൊണ്ട് ചാർട്ട് വെയ്ക്കൂ, നോക്കൂ നമുക്ക് എത്രത്തോളം ഓർമ്മയിലിരിക്കാൻ സാധിക്കുന്നുണ്ട്? ദേഹത്തിന്റെ അഭിമാനമുണ്ടായാൽ ഓർമ്മ എങ്ങനെ ഉണ്ടാകും! തലയ്ക്കുമുകളിൽ ഒരുപാട് പാപഭാരമുണ്ട്. അതിനാൽ ബാബ പറയുന്നു ഓർമ്മയിലിരിക്കൂ. ത്രിമൂർത്തിയുടെ ചിത്രം പോക്കറ്റിലിടൂ, പക്ഷെ നിങ്ങൾ ഇടയ്ക്കിടയ്ക്ക് മറന്നു പോവുകയാണ്. അള്ളാഹുവിനെ

ഓർമ്മിക്കുന്നതിലൂടെ സമ്പത്ത് മുതലായ എല്ലാം ഓർമ്മ വരുന്നു. ബാഡ്ജ് സദാ ധരിക്കൂ. ലിറ്ററേച്ചറും ഉണ്ട്, ഏതെങ്കിലും നല്ല ആളുകൾ വരുകയാണെങ്കിൽ അവർക്ക് കൊടുക്കണം. നല്ല ആളുകൾ ഒരിക്കലും വെറുതെ വാങ്ങില്ല. പറയും, ഇതിന്റെ വിലയെത്രയാണ്? പറയൂ – ഇത് പാവങ്ങൾക്കാണെങ്കിൽ വെറുതെ കൊടുക്കാറുണ്ട്, ഉള്ളത് എത്രയാണോ അത് തന്നാൽ മതി. കുലീനത കാണിക്കണം. നിങ്ങളുടെ ആചാരങ്ങൾ മറ്റുള്ളവരിൽ നിന്നും തികച്ചും വേറിട്ടതായിരിക്കണം. കുലീനരായിട്ടുള്ളവർ സ്വയമേ തന്നെ എന്തെങ്കിലും തരും. ഇത് നമ്മൾ എല്ലാവർക്കും മംഗളത്തിന് വേണ്ടി നൽകുന്നു. ചിലർ പഠിച്ചിട്ട് നിങ്ങൾക്ക് പൈസ അയച്ചു തരും. ചിലവ് നിങ്ങൾ ചെയ്യുന്നുണ്ടല്ലോ. പറയൂ, ഞങ്ങൾ ഞങ്ങളുടെ ശരീരം-മനസ്സ്-ധനം എല്ലാം ഭാരതത്തിന്റെ സേവനത്തിന് വേണ്ടി ചിലവ് ചെയ്യുന്നു. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യമായ സാരം

1. ഈ പരിധിയില്ലാത്ത സർക്കാരിന്റെ സേവിക്കുന്നതിന് വേണ്ടി കുറഞ്ഞത് 8 മണിക്കൂറെങ്കിലും ഓർമ്മയിലിരിക്കുന്നതിന്റെ പുരുഷാർത്ഥം ചെയ്യണം. ഓർമ്മയിൽ മായ ഏത് വിഘ്നമാണോ ഇടുന്നത് അതിൽ പേടിക്കരുത്.

2. ഈ പുരുഷോത്തമ സംഗമയുഗത്തിൽ ഈശ്വരീയ സമ്പ്രദായത്തിന്റേതായി മാറി, ഈശ്വരീയ മതത്തിലൂടെ നടക്കണം. കർമ്മം ചെയ്തും ഒരു ബാബയുടെ ഓർമ്മയിലിരിക്കുന്നതിന്റെ അഭ്യാസം ചെയ്യണം.

## വരദാനം: അന്തർമുഖതയുടെ ഗുഹയിൽ കഴിയുന്നവരായ ദേഹത്തിൽ നിന്ന് വേറിട്ട ദേഹിയായി ഭവിക്കട്ടെ

പാണ്ഡവരുടെ ഏതു ഗുഹകളാണോ കാണിക്കുന്നത്- അത് ഈ അന്തർമുഖതയുടെ ഗുഹകളാണ്. എത്രത്തോളം ദേഹത്തിൽ നിന്നുപരി, ദേഹീരൂപത്തിൽ സ്ഥിതി ചെയ്യുവാനുള്ള ഗുഹയിൽ കഴിയുന്നുവോ അത്രയും ലോകത്തിന്റെ അന്തരീക്ഷത്തിൽ നിന്ന് ഉപരിയായി മാറുന്നു. അന്തരീക്ഷത്തിന്റെ പ്രഭാവത്തിലേക്ക് വരുന്നില്ല. ഗുഹയ്ക്കുള്ളിൽ കഴിയുന്നതിലൂടെ പുറമെയുള്ള അന്തരീക്ഷത്തിൽ നിന്നുപരിയാകുന്നതുപോലെ ഈ അന്തർമുഖതയുടെ ഗുഹയും ഏറ്റവും വേറിട്ടതും ബാബയ്ക്കു പ്രിയപ്പെട്ടതുമാക്കുന്നു. ആരാണോ ബാബയ്ക്ക് പ്രിയപ്പെട്ടത്അവർ സ്വതവേ ഏറ്റവും വേറിട്ടതാകുന്നു.

## സ്ലോഗൻ: സാധന ബീജമാണ്, സാധനം അതിന്റെ വിസ്താരമാണ്. വിസ്താരത്തിൽ സാധനയെ മറയ്ക്കരുത്.

**അവ്യക്തസൂചനകൾ- ആത്മീയസ്ഥിതിയിൽ കഴിയാനുള്ള അഭ്യാസം ചെയ്യൂ, അന്തർമുഖിയാകൂ**
അന്തർമുഖിയാകുന്നതിന്റെ ലക്ഷണം സദാ സാഗരത്തിന്റെ ആഴങ്ങളിൽ മുങ്ങിയിരിക്കുന്ന ഗംഭീരമൂർത്തി. മുഖത്തിലൂടെ ആത്മീയസ്ഥിതിയുടെ ചിഹ്നം കാണപ്പെടും. ഒന്ന് മനനചിന്തനം ചെയ്യുന്ന മുഖം, പിന്നെ രമണീകം അർഥം പുഞ്ചിരിക്കുന്ന മുഖം, രണ്ടു ലക്ഷണങ്ങളും മുഖത്തിലൂടെ പ്രത്യക്ഷമാകും. അന്തർമുഖി സദാ ഹർഷിതമുഖമായി കാണപ്പെടും, എന്തെന്നാൽ മായയുടെ എതിരിടൽ അവസാനിച്ചിരിക്കും.